**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3827** **27-10-2021 - ൽ മറുപടിയ്ക്ക്**

**വനിതാ പോലീസ് സേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. Pinarayi Vijayan** (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതാ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; വനിതാ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗ വിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 550 ലക്ഷം രൂപയുടെ ഭരണാനുമതി സ.ഉ. (സാധ)നം. 1733/2021/ ആഭ്യന്തരം തീയതി 22.06.2021 പ്രകാരം നൽകിയിട്ടുണ്ട്. അപ്രകാരം പിങ്ക് കൺട്രോൾ റൂമുകൾക്ക് 7 വാഹനങ്ങൾ വാങ്ങുന്നതിന് 43 ലക്ഷം രൂപയും, Women Victim Support Scheme-ന് 15ലക്ഷം രൂപയും, നിർഭയ വോളന്റിയേഴ്സിനുള്ള പ്രതിഫലത്തിനായി 12 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 400 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30.01.2017 തീയതിയിലെ സ.ഉ. (കൈ)നം.15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. നിലവിൽ സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിലായി ഓരോന്നുവീതം 14 വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 25.02.2021 തീയതിയിലെ സ.ഉ.(കൈ) നം. 65/2021/ ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി ലഭിച്ച KAP 6th ബറ്റാലിയനായി ആദ്യഘട്ടത്തിൽ സൃഷ്ടിക്കുന്ന 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് കാറ്റഗറി നമ്പർ 653/2017 പ്രകാരം നടത്തിയ പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽ നിന്ന് നിലവിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും , എത്രപേർക്ക് നിയമന | (ബി) | വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് കാറ്റഗറി 653/2017 പ്രകാരമുള്ള നിയമന പട്ടികയിൽ നിന്നും ആകെ 527 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത നിയമന പട്ടികയിൽ നിന്നും |

| | | | |
|---|---|---|---|
| | ശിപാർശ നൽകിയെന്നും, എത്ര ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകാനുണ്ടെന്നുമുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ; | | 757 പേരുടെ നിയമന ശിപാർശ പി.എസ്.സി നൽകിയിട്ടുണ്ട്. 85 ഉദ്യോഗാർത്ഥികൾക്ക് വൈദ്യ പരിശോധന വിവിധ തീയതികളിലായി നടത്തിയിട്ടുണ്ട്. ഇവരുടെ പോലീസ് വെരിഫിക്കേഷൻ ദ്രുതഗതിയിൽ നടത്തിവരികയാണ്. ബാക്കിയുള്ള 29 ഉദ്യോഗാർത്ഥികൾക്കും, എക്സ്റ്റൻഷൻ പൂർത്തിയാക്കിയ മറ്റ് ഉദ്യോഗാർത്ഥികൾക്കും വൈദ്യപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന ഉടൻ തന്നെ പോലീസ് വെരിഫിക്കേഷൻ പൂർത്തിയാക്കി പരിശീലനം ആരംഭിക്കുന്നതാണ്. 5 പേരുടെ നിയമന ശിപാർശ പി.എസ്. സിയിൽ നിന്നും ലഭിക്കാനുണ്ട്. |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമന ശിപാർശ നൽകിയ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എപ്പോൾ പരിശോധന നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; ആയതിലേക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് കാറ്റഗറി 653/2017 പ്രകാരമുള്ള നിയമന പട്ടികയിൽ നിന്നും ആകെ 527 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത നിയമന പട്ടികയിൽ നിന്നും 757 പേരുടെ നിയമന ശിപാർശ പി.എസ്.സി നൽകിയിട്ടുണ്ട്. 85 ഉദ്യോഗാർത്ഥികൾക്ക് വൈദ്യ പരിശോധന വിവിധ തീയതികളിലായി നടത്തിയിട്ടുണ്ട്. ഇവരുടെ പോലീസ് വെരിഫിക്കേഷൻ ദ്രുതഗതിയിൽ നടത്തിവരികയാണ്. ബാക്കിയുള്ള 29 ഉദ്യോഗാർത്ഥികൾക്കും, എക്സ്റ്റൻഷൻ പൂർത്തിയാക്കിയ മറ്റ് ഉദ്യോഗാർത്ഥികൾക്കും വൈദ്യപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന ഉടൻ തന്നെ പോലീസ് വെരിഫിക്കേഷൻ പൂർത്തിയാക്കി പരിശീലനം ആരംഭിക്കുന്നതാണ്. 5 പേരുടെ നിയമന ശിപാർശ പി.എസ്. സിയിൽ നിന്നും ലഭിക്കാനുണ്ട്. |
| (ഡി) | നിലവിൽ വിവിധ ഘട്ടങ്ങളിലായി നിയമന ഉത്തരവ് ലഭിച്ച് മെഡിക്കൽ പരിശോധന പൂർത്തിയാക്കിയ ഉദ്യോഗാർഥികൾക്ക് പരിശീലനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നാണെന്ന് വിശദീകരിക്കാമോ; പ്രസ്തുത പരിശീലനത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ ലഭ്യമായ നിയമന ശിപാർശയിന്മേലുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കി യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം എത്രയും വേഗം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ